**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** **25-06-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം, 25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം. 50/2022/വനം, 20-01-2024-ലെ സർക്കാർ ഉത്തരവ് (കൈ) നം. 03/2024/വനം എന്നിവ പ്രകാരമാണ് വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് എന്നിവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരം 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുകയാണ്. |
| (ബി) | പ്രസ്തുത ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് വനം വകുപ്പിൽ സ്ഥിരം നിയമനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല. വന്യജീവി ആക്രമണം മൂലമുള്ള വിവിധതരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നത് 1980-ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals- എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ്. വന്യമൃഗ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് വനം വകുപ്പിൽ സ്ഥിരം നിയമനം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ ഇതുവരെ ജീവൻ നഷ്ടപ്പെട്ടവരിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ 2015-16 മുതൽ ഇതുവരെ ആദിവാസി വിഭാഗത്തിൽപ്പെട്ട 97 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ